# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.69/PR/PIC/PHQ/14                                        Date : 31.05.2014

---

## പത്തനംതിട്ട ജില്ലയിൽ ആന്റിപൈറസി റെയ്ഡ്; ഒരാൾ അറസ്റ്റിൽ

ആന്റി പൈറസി സെൽ പോലീസ് ഉദ്യോഗസ്ഥരും  പന്തളം പോലീസും സംയുക്തമായി അശ്ലീല സി.ഡികൾ കണ്ടെത്തുന്നതിന് നടത്തിയ റെയ്ഡിൽ ഒരാൾ അറസ്റ്റിലായി. പന്തളം ജംഗ്ഷന് സമീപം ഗ്യാലക്സി വീഡിയോസ് നടത്തിവന്ന പന്തളം മങ്ങാരം ആൽഫ മൻസിലിൽ സാജു ആണ് അറസ്റ്റിലായത്. ഇയാളിൽ നിന്നും 50 ഓളം അശ്ലീല സി.ഡികളും പിടിച്ചെടുത്തു.

ആന്റി പൈറസി സെൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് എസ്.റഫീക്കിന്റെ നിർദ്ദേശപ്രകാരം ആന്റി പൈറസി സെൽ ഡിക്റ്റക്ടീവ് ഇൻസ്പെക്ടർ  ഡി.കെ.പൃഥ്വിരാജ്, എസ്.ഐ അനൂപ് ആർ ചന്ദ്രൻ, എ.എസ്.ഐമാരായ വിഷ്ണുപ്രസാദ്, മണികണ്ഠൻ, സി.പി.ഒമാരായ ഷാൻ, രാജേഷ് എന്നിവരും പന്തളം സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥരും റെയ്ഡിൽ പങ്കെടുത്തു.

വിദ്യാർത്ഥികൾക്കും മറ്റും അശ്ലീല ചിത്രങ്ങൾ മെമ്മറി കാർഡിലും പെൻ ഡ്രൈവിലും മറ്റും പകർത്തി നൽകുന്നവർക്കെതിരെയും അശ്ലീല സി.ഡികളും വ്യാജ സി.ഡികളും വിൽപന നടത്തുന്നവർക്കെതിരെയും വരും ദിവസങ്ങളിലും കർശന നടപടികൾ ഉണ്ടാകുമെന്ന് ആന്റിപൈറസി സെൽ പോലീസ് സൂപ്രണ്ട് ബി.വർഗീസ് അറിയിച്ചു.

*************